Dated : 28/08/2021

# ജഡ്ജിയുടെ വ്യാജ ഒപ്പിട്ട് ബാങ്കിനെ കബളിപ്പിച്ചലേബർ കോടതി ജീവനക്കാരൻ അറസ്റ്റിൽ

കൊല്ലം : കൊല്ലം ലേബർ കോടതി ജഡ്ജിയുടെ വ്യാജ ഒപ്പിട്ട് സാലറി സർട്ടിഫിക്കറ്റ് നേടിയ ലേബർ കോടതി ജീവനക്കാരനെ പോലീസ് പിടികൂടി. കൊല്ലം ലേബർ കോടതി ജഡ്ജിയായിരുന്ന ശ്രീമതി. അംബികയുടെ വ്യാജ ഒപ്പിട്ട് തേവള്ളി എസ്സ്.ബി.ഐ ബാങ്കിൽ നൽകിയ ഓഫീസ് അറ്റൻഡന്റാണ് പോലീസ് പിടിയിലായത്. വർക്കല മേലെ വെട്ടൂർ വിളഭാഗം എൽ.പി. സ്ക്കൂളിന് സമീപം മംഗലത്ത് വീട്ടിൽ സുഗതൻ മകൻ അനൂപ് (38) ആണ് പോലീസ് പിടിയിലായത്. സാലറി സർട്ടിഫിക്കറ്റിന്റെ കൺഫർമേഷന് ബാങ്കിന്റെ ലറ്റർ ജഡ്ജിന് ലഭിച്ചപ്പോഴാണ് ക്രിതൃമം നടത്തിയത് പിടിക്കപ്പെട്ടത്. തുടർന്ന് വെസ്റ്റ് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. പോലീസ് നടത്തിയ ശാസ്ത്രീയ പരിശോധനയിൽ വ്യാജ ഒപ്പിട്ടാണ് സാലറി സർട്ടിഫിക്കറ്റ് ബാങ്കിന് നൽകിയതെന്ന് തെളിഞ്ഞു. ഇയാളോട് സ്റ്റേഷനിൽ ഹാജരാകൻ പോലീസ് നോട്ടീസ് നൽകിയെങ്കിലും തുടർന്ന് ഒളിവിൽ പോയ ഇയാളുടെ ജാമ്യപേക്ഷ കേരള ഹൈക്കോടതി നിരസിക്കുകയായിരുന്നു. ഇയാൾ ഒളിവിൽ താമസിക്കുകയായിരുന്ന വർക്കലയുള്ള ബന്ധുവീട്ടിൽ നിന്നാണ് പോലീസ് പിടികൂടിയത്. കൊല്ലം വെസ്റ്റ് ഇൻസ്പെക്ടർ ഷെഫീക്. ബി, എസ്സ്. ഐ ആശ.ഐ.വി, സിപിഒ മാരായ മുഹമ്മദ് ഷാഫി. റ്റി, അബു താഹീർ. എ, ഷെമീർഖാൻ എന്നിവരടങ്ങിയ സംഘമാണ് ഇയാളെ പിടികൂടിയത്.




# യുവാവിന്റെ കൈ തല്ലി ഒടിച്ചിട്ട് ഒളിവിൽ പോയവർ പോലീസ് പിടിയിലായി

കൊല്ലം : പള്ളിത്തോട്ടം കൊടിമരം ജംഗ്ഷനിൽ വച്ച് യുവാവിന്റെ കൈ തല്ലി ഒടിക്കുകയും തടയാൻ ശ്രമിച്ച ബന്ധുവായ സ്ത്രീയെ ആക്രമിക്കുകയും ചെയ്തവർ പോലീസ് പിടിയിലായി. ഏപ്രിൽ 14ന് വൈകുന്നേരം ആറ് മണിക്ക് കെടിമരം ജംഗ്ഷനിൽ വച്ച് യുവാവിനെ ആക്രമിക്കുകയായിരുന്നു. ഇവർ തമ്മിൽ മുമ്പ് വഴക്കുണ്ടായതിന് പോലീസിൽ പരാതി നൽകിയ വിരോധത്തിലാണ് ആക്രമിച്ചത്. കൗമുദി നഗർ 48 ൽ ലൗലാന്റിൽ സക്കീർ മകൻ ഷാനു ആണ് ആക്രമണത്തിന് ഇരയായത്. ആക്രമണത്തിന് തടസം പിടിക്കാൻ ശ്രമിച്ച ഇയാളുടെ പിതൃസഹോദരി ജാസ്മിനേയും സംഘം ആക്രമിച്ചു. പള്ളിത്തോട്ടം ക്യൂ.എസ്സ്.എസ്സ് കോളനിയിൽ ആൽബെൻസ് മകൻ ജോയ് (54), ആൽബെൻസ് മകൻ സന്തോഷ് (38), ജോയിയുടെ മകൻ ജോമോൻ ജോയി (24) എന്നിവരാണ് പോലീസ് പിടിയിലായത്. സംഭവത്തിന് ശേഷം പലസ്ഥലങ്ങളിലും ഒളിച്ച് താമസിച്ച് വന്ന ഇവർ ഗലീലിയോ കടപ്പുറത്ത് എത്തിയതായി ലഭിച്ച രഹസ്യ വിവ



രത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പോലീസ് പിടിയിലായത്. പള്ളിത്തോട്ടം ഇൻസ്പെക്ടർ ഫയാസ്. ആർ, എസ്സ്.ഐമാരായ ജിബി. വി.എൻ, അനിൽ ബേസിൽ, എൻ. ആർ. സജീവ്, എ.എസ്സ്.ഐ കൃഷ്ണകുമാർ, എസ്സ്. സി.പി.ഓ സ്ക്ലോബിൻ എന്നിവർ ചേർന്ന് നടത്തിയ പരിശോധനയിലാണ് ഇവർ പോലീസിന്റെ പിടിയിലായത്.

## 12 കുപ്പി വിദേശ മദ്യവുമായി ഒരാളെ പോലീസ് പിടികൂടി


ഗുരുലാൽ (39)

കൊല്ലം : അമിത വിലയ്ക്ക് വിൽപ്പനയ്ക്കായി 12 കുപ്പികളിൽ സൂക്ഷിച്ച ആറ് ലിറ്റർ വിദേശമദ്യം പോലീസ് പിടികൂടി. കരുനാഗപ്പള്ളി ആദിനാട് വില്ലേജിൽ ആദിനാട് വടക്ക് മുറിയിൽ പുത്തൻ വീട്ടിൽ ഭരതൻ മകൻ ഗുരുലാൽ (39) ആണ് വിദേശ മദ്യവുമായി പോലീസ് പിടിയിലായത്. ആദിനാട് വടക്ക് കോള ഭാഗം ജംഗ്ഷന് സമീപം ഇയാൾ ഒരു ബിഗ് ഷോപ്പറിൽ വിൽപ്പനയ്ക്കായി വിദേശ മദ്യവുമായി നിൽക്കുമ്പോഴാണ് പോലീസ് പിടികൂടിയത്. കോളഭാഗത്ത് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പനയുണ്ടെന്ന് അറിഞ്ഞ് രഹസ്യ നിരീക്ഷണം നടത്തിയ പോലീസ് സംഘമാണ് ഇയാളെ പിടികൂടിയത്. കരുനാഗപ്പള്ളി ഇൻസ്പെക്ടർ ഗോപകുമാർ. ജി, എസ്സ്.ഐമാരായ അലോഷ്യസ് അലക്സാണ്ടർ, ജയശങ്കർ, സി.പി.ഒ സുദീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.